ഉത്തരം

(എ) 27-12-2004 മുതൽ 31-1-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ചെക്ക്, ഡി.ഡി., പണം എന്നീ ഇനത്തിൽ താഴെപ്പറയും പ്രകാര മുള്ള തുക മുഖ്യമന്ത്രിയുടെ ഓഫീസ് വഴി ലഭിച്ചിട്ടുണ്ട്.

ഇനം		തുക
പണം	..	87937 രൂപ
ഡോളർ	..	26930 ഡോളർ
പൗണ്ട്	..	125
ചെക്ക്/ഡി.ഡി.	..	11,76,77,328

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 27-12-2004 മുതൽ 10-3-2005 വരെ മൊത്തം 29,58,08,704 രൂപ ലഭിച്ചിട്ടുണ്ട്. (ഇതിൽ 879,14,823 രൂപയുടെ ചെക്കുകളും ഡി.ഡി.-കളും കളക്ഷനായി വന്നിട്ടില്ല). കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കല്ല നിക്ഷേപിക്കുന്നത്. സുനാമി ദുരിതാശ്വാസത്തിനായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും 100 കോടി രൂപ സംസ്ഥാനത്തിന് ഇതു വരെ ലഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് വന്നിരിക്കുന്നത്. അതിനാൽ ഇത് ബഡ്ജറ്റ് പ്രക്രിയയിലൂടെയാണ് ചെലവാക്കി കൊണ്ടിരിക്കുന്നത്.

സുനാമി ദുരിതാശ്വാസനിധിയിലേയ്ക്കുള്ള സർക്കാർ ജീവനക്കാരുടെ സംഭാവന

56 [3107] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെതുടർന്ന് കേന്ദ്ര-സംസ്ഥാന ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ ലഭിച്ച തുക എത്രയെന്നും, എത്രപേർ സംഭാവന ചെയ്തു എന്നും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും സർക്കാർ ജീവനക്കാർ തങ്ങളുടെ ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകിയിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഏതെങ്കിലും ഓഫീസുകളിൽ നിന്നും സംഭാവന ചെയ്യാതിരുന്നിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈയിനത്തിൽ 11-3-2005 വരെ 7,96,38,338 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. എത്രപേർ സംഭാവന നൽകിയെന്നുള്ള വിവരം ലഭ്യമല്ല.

(സി—ഇ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ ഏതാണ്ട് 5 ലക്ഷം സർക്കാർ ജീവനക്കാരാണ് ഉള്ളത്. ഇവരുടെ മൊത്തം ശമ്പളം ഏതാണ്ട് 6000 കോടി രൂപ വരും. അതായത് ഒരു ദിവസത്തെ ശമ്പളം ഏതാണ്ട് 16 കോടി രൂപയാണ്. ഇതുവരെ സർക്കാർ ജീവനക്കാരിൽ നിന്നും ലഭിച്ചത് 7.96 കോടി രൂപയാണ്. ഇത് വിവിധ ഓഫീസുകൾ സമാഹരിച്ച് ഡ്രാഫ്റ്റാക്കി അയച്ചുതരികയും അത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിക്ഷേപിക്കുകയുമാണ് ചെയ്തത്. ഒരു മാസത്തെ ശമ്പളം ആരെങ്കിലും നൽകിയിട്ടുണ്ടോ എന്നും, ഒന്നും തന്നെ നൽകാത്തവർ ആരെങ്കിലും ഉണ്ടോയെന്നും മറ്റുമുള്ള കണക്കുകൾ ലഭ്യമല്ല. ഇത് ഒരു സംഭാവന ആകയാൽ ആരെയെങ്കിലും നിർബന്ധിക്കുന്നതും ഉചിതമായിരിക്കുകയില്ല.

ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

57 [3108] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ്;

(ബി) തൃശ്ശൂർ ജില്ലയിൽ 2001 മേയ് മാസത്തിനുശേഷം ഇതുവരെയായി എത്ര അപേക്ഷകളിൽ, എത്ര സംഖ്യ അനുവദിച്ചിട്ടുണ്ട്; എത്ര സംഖ്യ വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ താമസിക്കുന്ന ശ്രീമതി ബീന, ഇ. കെ. (കരുവത്തുവളപ്പിൽ വീട്, അമ്മാടം, പള്ളിപ്പുറം, തൃശ്ശൂർ ജില്ല)-യ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഈ സംഖ്യ വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ശ്രീമതി ബീനയ്ക്ക് സംഖ്യ അനുവദിച്ചിട്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗമല്ലാത്തവരും കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ താഴെ ഉള്ളവരും രോഗം കൊണ്ടും ദാരിദ്ര്യം കൊണ്ടും ദുരിതമനുഭവിക്കുന്നവരുമായവർക്ക് സാധാരണ രോഗത്തിന് 2000 രൂപ വരെയും, കാൻസർ, ഹൃദ്രോഗം, ഡയാലിസിസ് ആവശ്യമായ വൃക്കരോഗങ്ങൾ എന്നിവയ്ക്ക് 5000 രൂപ വരെയും അനുവദിക്കാറുണ്ട്. അപേക്ഷയോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly